LIBRARY ARCHIVES Kerala Legislative Assembly

കാഞ്ഞിരംകുളം ഗവൺമെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജ്

134(1119) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ മുപ്പത് ക്ലാസ് മുറികൾ ഒഴിഞ്ഞുകിടക്കുന്ന കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജിൽ ഇക്കണോമിക്സ് ബിരുദാനന്തര ബിരുദം, ബി.എ. ഇംഗ്ലീഷ്, ബി.എ. മലയാളം, ബി.എ. ഫിസിക്കൽ സയൻസ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രസ്തുത സ്ഥലം കൈമാറിക്കിട്ടുന്നതിനായി റവന്യൂ വകുപ്പ് മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒരു ആർട്സ് & സയൻസ് കോളേജിന് വേണ്ടുന്ന മിനിമം സ്ഥലവിസ്തൃതി അഞ്ചേക്കർ ആണെന്നിരിക്കെ 1.6 ഏക്കർ മാത്രമുള്ള കാഞ്ഞിരംകുളം ഗവണ്മെന്റ് കെ.എൻ.എം. ആർട്സ് & സയൻസ് കോളേജിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ കാഞ്ഞിരംകുളം സർക്കാർ കോളേജ് സ്ഥിതിചെയ്യുന്ന 1.6 ഏക്കർ ഭൂമിയുടെ അടുത്ത പ്രദേശത്തുള്ള ഭൂമി കോളേജിനുവേണ്ടി വിട്ടുനൽകുന്നതിന് ഭൂവുടമകൾ സമ്മതപത്രം നൽകിയിരുന്നു. എന്നാൽ സമ്മതപത്രം ലഭിച്ചിട്ടുള്ള ഭൂമി നിലവിൽ കോളേജ് സ്ഥിതിചെയ്യുന്ന ഭൂമിയോട് ചേർന്നുള്ളതല്ല. അതുകൊണ്ടുതന്നെ ഭാവിയിൽ യു.ജി.സി. അംഗീകാരവും നാക് അംഗീകാരവും ലഭിക്കുന്നതിന് തടസ്സങ്ങൾ സൃഷ്ടിച്ചേക്കാം. അതിനാൽ കോളേജിനോട് ചേർന്ന് ആവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിയുടെ ജല സംഭരണി നിർമ്മാണം

135(1120) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി-കുത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതിക്ക് ജല സംഭരണി നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ചൊക്ലി ഗവണ്മെന്റ് കോളേജിൽ കണ്ടെത്തിയതിന്റെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്ത